"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി-കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ പൂഞ്ഞാർ വില്ലേജിൽ ബ്ലോക്ക് നം.70, റീസർവ്വേ നം. 238/1-1-1, 238/1, 238/1-1-ൽ ഉൾപ്പെട്ട സ്ഥലത്ത് വിദ്യാഭ്യാസാവശ്യത്തിനായുള്ള കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 3535 ക്യൂബിക് മീറ്റർ കരിങ്കല്ല് നീക്കം ചെയ്യുന്നതിന് മാനേജർ, എസ്.എം.വി ഹയർ സെക്കണ്ടറി സ്കൂൾ, പൂഞ്ഞാർ, കോട്ടയം-ന് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം-104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.724/2025/ID    തീയതി,തിരുവനന്തപുരം, 17-06-2025

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ.
2. 15.03.2024-ലെ മുക്ത്യാർ ഏജന്റ് ശ്രീ. പയസ് അഗസ്റ്റിൻ, പഞ്ഞിക്കുന്നേൽ, അളനാട് പി.ഒ സമർപ്പിച്ച അപേക്ഷ.
3. 25.04.2024, 25.07.2024, 25.04.2025-ലെ കോട്ടയം ജില്ലാ ജിയോളജിസ്റ്റിന്റെ DOKOT-DMG/769/2024-M നമ്പർ കത്തുകൾ.
4. 31.05.2024-ലെ ശ്രീ. അശോക വർമ്മ രാജാ പി.ആർ, മാനേജർ, SMV HSS, പൂഞ്ഞാർ സമർപ്പിച്ച അപേക്ഷ.
5. 25.03.2025-ലെ പാലാ റവന്യൂ ഡിവിഷണൽ ഓഫീസറുടെ RDOPLA/555/2024-L4 നമ്പർ നിരാക്ഷേപ സാക്ഷ്യപത്രം
6. 23.05.2025-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/823/2024-M4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ പൂഞ്ഞാർ വില്ലേജിൽ ബ്ലോക്ക്-70, റീസർവ്വേ നം. 238/1-1-1, 238/1, 238/1-1-ൽ ഉൾപ്പെട്ട സ്ഥലത്ത് സ്കൂളിനു വേണ്ടി കെട്ടിട നിർമ്മാണത്തിനായി കരിങ്കല്ല് നീക്കം ചെയ്യുന്നതിന് പൂഞ്ഞാർ എസ്. എം.വി ഹയർ സെക്കൻഡറി സ്കൂൾ മാനേജർക്കു വേണ്ടി മുക്ത്യാർ ഏജന്റ് ശ്രീ. പയസ് അഗസ്റ്റിൻ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷാ സ്ഥലം ഈരാറ്റുപേട്ട-ചേന്നാട് റോഡിലെ കണ്ണാനിക്കവലയിൽ നിന്നും കണ്ടോത്തിമല പോകുന്ന റോഡിനോട് ചേർന്ന് പടിഞ്ഞാറായി സ്ഥിതി ചെയ്യുന്നതും, റോഡിന്റെ ഭാഗത്തേക്ക് കുത്തനെ ചെരിവായി നിലനിൽക്കുന്ന ഭൂമിയിലുമാണെന്നും ടി പ്രദേശത്തിന്റെ ശരാശരി ചെരിവ് $30^0$ യ്ക്ക് മുകളിലാണെന്നും, പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് അനുവദിച്ചിട്ടുള്ള ബിൽഡിംഗ്, ഡെവലപ്പ്മെന്റ് പ്ലാൻ പ്രകാരം ടി സ്ഥലത്തു നിന്നും 18058.656 ക്യൂബിക് മീറ്റർ സാധാരണ മണ്ണ്, നിർമ്മാണത്തിന്റെ ഭാഗമായി നീക്കം ചെയ്യേണ്ടതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ നിലവിൽ കരിങ്കല്ല് നീക്കം ചെയ്യുന്നതിന് മാത്രമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും അപേക്ഷാ വസ്തുവിൽ നിലവിൽ കരിങ്കല്ല് പൊട്ടിച്ച് ശേഖരിച്ചിട്ടുള്ളത് 2015-ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം അനുമതി സമ്പാദിക്കാതെയാണെന്നും,

അപേക്ഷ സ്ഥലം 10/11/2023 തിയതിയിൽ ജില്ലാ ഓഫീസിൽ നിന്നും പരിശോധന നടത്തിയിട്ടുള്ളതാണെന്നും ജില്ലാ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ കരിങ്കല്ല് നീക്കം ചെയ്യുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് എസ്.എം.വി ഹയർ സെക്കണ്ടറി സ്കൂളിനു വേണ്ടി മാനേജർ ശ്രീ. അശോക വർമ്മ രാജ പുതിയ അപേക്ഷയും, കരിങ്കല്ല് നീക്കം ചെയ്യുന്നതിന് സ്ഫോടക വസ്തുക്കൾ ഉപയോഗപ്പെടുത്തില്ല എന്നത് സംബന്ധിച്ച സാക്ഷ്യപത്രവും സമർപ്പിച്ചിരുന്നു.

2.).അംഗീകൃത എഞ്ചിനീയർ തയ്യാറാക്കിയപ്ലാൻ പ്രകാരം 1543.654 ക്യൂബിക് മീറ്റർ പാറപൊട്ടിച്ച് കൂട്ടിയിട്ടിട്ടുള്ളതായും ഏകദേശം 1995.225 ക്യൂബിക് മീറ്റർ കല്ല് പൊട്ടിയ്ക്കുവാനുള്ളതായും സൂചിപ്പിച്ചിരിക്കുന്നുവെന്നും, പൊട്ടിച്ച് കൂട്ടിയ 1543.654 ക്യൂബിക് മീറ്റർ കരിങ്കല്ലിന് ചട്ടങ്ങൾപ്രകാരമുള്ള പിഴതുക ഈടാക്കിയിട്ടുണ്ടെന്ന് ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, കരിങ്കല്ല് നീക്കം ചെയ്യുന്നതിലേക്കായി പാല സബ് കളക്ടറുടെ പരാമർശം(5) നിരാക്ഷേപ പത്രം, അപേക്ഷകൻ ഹാജരാക്കിയ ബ്ലാസ്റ്റിങ് നടത്തില്ല എന്ന നോട്ടറൈസ്ഡ് സാക്ഷ്യപത്രം, എഞ്ചിനീയർ തയ്യാറാക്കിയ പ്ലാൻ, കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഹാജരാക്കിയിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ അപേക്ഷാ സ്ഥലത്ത് നിന്നും നിബന്ധനകൾക്ക് വിധേയമായി 3535 ക്യൂബിക് മീറ്റർ കരിങ്കല്ല് നീക്കം ചെയ്യുന്നതിന് കെ.എം.എം.സി ചട്ടം-104 പ്രകാരമുള്ള അനുമതി നൽകാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം(6) പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

4).സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ പൂഞ്ഞാർ വില്ലേജിൽ ബ്ലോക്ക് നം.70, റീസർവ്വേ നം. 238/1-1-1, 238/1, 238/1-1-ൽ ഉൾപ്പെട്ട സ്ഥലത്ത് വിദ്യാഭ്യാസാവശ്യത്തിനായുള്ള കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി 3535 ക്യൂബിക് മീറ്റർ കരിങ്കല്ല് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി നീക്കം ചെയ്യുന്നതിന് മാനേജർ, എസ്.എം.വി ഹയർ സെക്കണ്ടറി സ്കൂൾ, പൂഞ്ഞാർ, കോട്ടയം-ന് കെ.എം.എം.സി ചട്ടങ്ങളിലെ, ചട്ടം-104 പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.അവധി ദിവസങ്ങളിൽ ഖനനം, ധാതുകടത്ത് എന്നീ പ്രവർത്തനം നടത്തുവാൻ പാടുള്ളതല്ല.

2.അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള എഞ്ചിനീയർ തയ്യാറാക്കിയ പ്ലാൻ പ്രകാരമുള്ള 3535 ക്യൂബിക് മീറ്റർ കല്ലിന് ജിയോളജി ഓഫീസിൽ മുൻകൂറായി റോയൽറ്റി അടക്കേണ്ടതാണ്.

3.സ്ഫോടകവസ്തു ഉപയോഗിക്കുവാൻ പാടുള്ളതല്ല. ടി വ്യവസ്ഥ ലംഘിക്കുന്ന പക്ഷം അനുമതി പൂർണ്ണമായും റദ്ദാക്കുന്നതാണെന്നും പ്രസ്തുത പ്രവർത്തി അനധികൃത ഖനനമായി കണക്കാക്കി കെഎംഎംസി ചട്ടം 108(2) പ്രകാരം നടപടി സ്വീകരിക്കുന്നതുമാണ്.

4.പരിസരവാസികളുടെ ജീവനും സ്വത്തിനും ഭീഷണിയില്ലാത്ത വിധത്തിൽ ധാതു നീക്കം നടത്തേണ്ടതാണ്.

5.പാല ആർ.ഡി.ഒ അനുവദിച്ച നിരാക്ഷേപസാക്ഷ്യപത്രത്തിലെ നിബന്ധനകൾക്ക് വിധേയമായി ഖനനം നടത്തേണ്ടതാണ്.

6. കോട്ടയം ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡ് ഉത്തരവ് തീയതി മുതൽ 3 മാസത്തിനുശേഷം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി വസ്തുതാ അന്വേഷണ റിപ്പോർട്ട് മൈനിങ് & ജിയോളജി ഡയറക്ടർ മുഖേന സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

7.ചട്ടം 104 പ്രകാരം നൽകിയ പ്രത്യേകാനുമതി ദുരുപയോഗം ചെയ്തിട്ടുള്ളതായി തെളിയുകയാണെങ്കിൽ

കെ.എം.എം.സി ചട്ടങ്ങൾ പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
റവന്യൂ ഡിവിഷണൽ ഓഫീസർ, പാലാ
ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം
മാനേജർ, എസ്.എം.വി ഹയർ സെക്കണ്ടറി സ്കൂൾ, പൂഞ്ഞാർ, കോട്ടയം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 17-06-2025 12:49:35
സെക്ഷൻ ഓഫീസർ